/30676/2022

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.

(ഹാജർ: സുഭാഷ് T.V., ഐ.എ.എസ്.)

വിഷയം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്- ജീവനക്കാര്യം - കൃഷി ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ 2022 വർഷത്തെ പൊതുസ്ഥലമാറ്റം - കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു

പരാമർശം :-

1. 25.2.2017 - ലെ സർക്കാർ ഉത്തരവ് (പി ) നമ്പർ 3 /2017/ഉ.പ.ഭ .വ
2. 21.2.2022- ലെ സർക്കാർ ഉത്തരവ് (പി ) നമ്പർ 147./22./Agri
3. 16.3.2022- ലെ ഈ ഓഫീസിലെ സർക്കുലർ നമ്പർഎസ്എ(2) 762./2021.

**ഉത്തരവ് നമ്പർ ADFW/9485/2021-SB3 (4) തീയതി . 28-05-2022**

പരാമർശം (1) , (2) സർക്കാർ ഉത്തരവുകൾ പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ 2022 വർഷത്തെ പൊതുസ്ഥലമാറ്റം S P A R K സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി നടപ്പിലാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു . ആയതിന്റെ അടിസ്ഥാനത്തിൽ ഈ ഓഫീസിലെ പരാമർശം (3) പ്രകാരമുള്ള സർക്കുലർ പ്രകാരം വകുപ്പിലെ ജീവനക്കാരുടെ 2022 വർഷത്തെ പൊതുസ്ഥലമാറ്റത്തിനുള്ള അപേക്ഷകൾ S P A R K മുഖേന ഓൺലൈനായി ക്ഷണിക്കുകയും കൃഷി ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള എല്ലാ ഓഫീസ് മേധാവികൾക്കും പൊതുസ്ഥലമാറ്റ അപേക്ഷകൾ നിശ്ചിത സമയ പരിധിക്കുള്ളിൽ കൃഷി ഡയറക്ടർക്ക് ഫോർവേഡ് ചെയ്യുന്നതിനും നിർദേശം നൽകിയിരുന്നു . മേൽ വിവരിച്ച സാഹചര്യത്തിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ ഓൺലൈനായി ലഭിച്ച പൊതുസ്ഥലമാറ്റ അപേക്ഷകൾ S P A R K മുഖേന പൊതുസ്ഥലമാറ്റ മാനദണ്ഡങ്ങൾക്കനുസൃതമായി പ്രോസസ്സ് ചെയ്തു ലഭിച്ച 2022 വർഷത്തെ കൃഷി ഡെപ്യൂട്ടി ഡയറക്ടർ തസ്തികയുടെ പൊതുസ്ഥലമാറ്റത്തിന്റെ കരട് ലിസ്റ്റ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralaagriculture.in- ൽ പ്രസിദ്ധീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു .

ബന്ധപ്പെട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ / DDO-മാർ കരട് ലിസ്റ്റ് പരിശോധിച്ച് തങ്ങളുടെ കീഴിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ നിലവിലെ ഔദ്യോഗിക മേൽവിലാസത്തിൽ വ്യത്യാസമുണ്ടെങ്കിൽ ആ വിവരവും മറ്റ് അപാകതകളുണ്ടെങ്കിൽ ആയതും ഈ ഓഫീസിൽ agrigeneraltransfer@gmail.com എന്ന ഇ - മെയിൽ വിലാസത്തിൽ പൊതുസ്ഥലമാറ്റം 2022 കരട് ലിസ്റ്റിലെ അപാകത എന്ന വിഷയം രേഖപ്പെടുത്തി **03/6/2022 വൈകുന്നേരം 5 മണിക്ക്** മുമ്പായി അറിയിക്കേണ്ടതാണ് .

കരട് ലിസ്റ്റിന്മേലുള്ള അപേക്ഷകരുടെ പരാതികൾ / ആക്ഷേപങ്ങൾ **03/6/2022 തീയതി** വരെ agrigeneraltransfer@gmail.com എന്ന ഇ - മെയിലിൽ മാത്രം പൊതുസ്ഥലമാറ്റം 2022 കരട് ലിസ്റ്റ് , തസ്തിക പരാതി / ആക്ഷേപം എന്ന വിഷയം രേഖപ്പെടുത്തി സമർപ്പിക്കാവുന്നതാണ് ഈ തീയതിക്ക് ശേഷം ലഭിക്കുന്ന പരാതികൾ / ആക്ഷേപങ്ങൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല .

(Sd/-)
SUBHASH T.V. IAS
DIRECTOR

സ്വീകർത്താവ്

ബന്ധപ്പെട്ട ജീവനക്കാർക്ക് (പ്രിൻസിപ്പൽ കൃഷി ഓഫീസർ മുഖേന )

Ajithak
SENIOR ADMINISTRATIVE OFFICER
Directorate of Agriculture
Vikas Bhavan, Thiruvananthapuram-33

പകർപ്പ്

എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും